# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 996 — 30/11/2018-ലെ മറുപടി

# കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പി.എസ്സ്.സി വെരിഫിക്കേഷൻ പൂർത്തീകരണം

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

(എ) കേരള വാട്ടർ അതോറിറ്റിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടന്ന നിയമനങ്ങൾക്ക് കമ്മീഷനിലേയ്ക്ക് പി.എസ്സ്.സി വെരിഫിക്കേഷന് അയക്കുവാൻ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഇതു സംബന്ധിച്ച് തസ്തിക തിരിച്ചുള്ള ലിസ്റ്റ് അറിയിക്കാമോ; ഇവ എന്ന് പി.എസ്സ്.സി-യ്ക്ക് അയക്കും എന്നറിയിക്കാമോ;

(സി) വിവിധ തസ്തികകളിലായി ഇനി എത്ര ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷനായുള്ള രേഖകൾ പി.എസ്സ്.സിക്ക് അയക്കുവാനുണ്ട് എന്നറിയിക്കാമോ;

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) പി.എസ്.സി വെരിഫിക്കേഷനുവേണ്ടിയുള്ള സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ നിർദ്ദിഷ്ട ഓഫീസുകളിൽ നിന്നും കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കാറുണ്ട്.

(ബി) & (സി) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പി.എസ്.സി വെരിഫിക്കേഷന് വേണ്ടി അയയ്ക്കാനുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1. | ലസ്കർ | 11 |
| 2. | പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ | 1 |
| 3. | ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ | 1 |
| 4. | ലീഗൽ അസിസ്റ്റന്റ് | 1 |
| 5. | മീറ്റർ റീഡർ | 2 |
| 6. | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I | 56 |
| 7. | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II | 78 |
| 8. | ഓഫീസ് അറ്റൻഡന്റ് | 76 |
| 9. | വാച്ച്മാൻ | 43 |
| 10. | ഓപ്പറേറ്റർ | 131 |
| 11. | ഓവർസീയർ ഗ്രേഡ്-III | 5 |
| 12. | അസിസ്റ്റന്റ് എഞ്ചിനീയർ | 44 |

ടി ജീവനക്കാരുടെ രേഖകൾ പി.എസ്.സി-ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) കേരള വാട്ടർ അതോറിറ്റിയിൽ അസ്സിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്കായി എത്ര ബൈ പ്രമോഷൻ ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ? | (ഡി) കേരള വാട്ടർ അതോറിറ്റിയിൽ അസ്സിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്കായി ബൈ പ്രമോഷൻ ഒഴിവുകൾ നിലവിലില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/